നഗര-ഗ്രാമാസൂത്രണ വകുപ്പ്,
മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം
തിരുവനന്തപുരം
ഫോൺ: 0471-2322024, 2321447

# പൗരാവകാശ രേഖ

ഈ സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന
സേവനങ്ങളെക്കുറിച്ചുള്ള വിവരണ പത്രിക

*ആഗസ്റ്റ് - 2011*

*"A Customer is the most important to our premises. He is not dependent on us. We are dependent on him. He is not an interruption in work, but he is the purpose of it. He is not an outsider to our business, but he is a part of it. We are not doing him favour by serving him. He is doing us a favour by giving us an opportunity to do so".*

***Mahatma Gandhi***

# ആമുഖം

സ്വന്തം വകുപ്പിൽ നിന്നും ഓഫീസിൽ നിന്നും എന്തെല്ലാം സേവനങ്ങൾ നൽകാൻ കഴിയുമെന്ന് ഒരു വകുപ്പു മേധാവിയോ ഓഫീസ് മേധാവിയോ ജനങ്ങൾക്കു നൽകുന്ന വാഗ്ദാനമാണ് പൗരാവകാശരേഖ.

2-11-1999 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്. 30/99 പി4 എ.ആർ.ഡി.) യിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണ സംവിധാനത്തിൽ ഇപ്പോൾ തുടർന്നു വരുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കാനും സുതാര്യമാക്കാനും കേരള ഭരണ നവീകരണ കമ്മിറ്റി ശുപാർശ ചെയ്തതിന്റെ ആദ്യപടിയാണ് ഓരോ സ്ഥാപനവും പൗരാവകാശരേഖ തയ്യാറാക്കുക എന്നത്.

നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ മുഖ്യ ഓഫീസായ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ, അവ ലഭ്യമാക്കുന്നതിനുള്ള സമയപരിധി, ഓരോ ഉപഭോക്താവും പാലിക്കേണ്ട വ്യവസ്ഥകൾ, ഉപഭോക്താക്കളുടെ അവകാശങ്ങൾ, സേവനത്തെക്കുറിച്ചുള്ള പരാതികൾ, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും എന്നിവ ഈ പൗരാവകാശരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തണമെന്നും കൂടുതൽ കുറ്റമറ്റതാക്കാനുള്ള നിർദേശങ്ങൾ നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
തീയതി :

**ഈപ്പൻ വറുഗീസ്**
**മുഖ്യ നഗരാസൂത്രകൻ**

# ഉള്ളടക്കം


1.പൊതുവിവരണം: .... 5

1.1 കാഴ്ചപ്പാട് (VISION) .... 5

1.2 ദൗത്യം (MISSION) .... 5

1.3 ലക്ഷ്യം (OBJECTIVES) .... 5

1.4 പ്രവർത്തനങ്ങൾ .... 6

2. ഭരണ സംവിധാനം .... 7

3. നിയമസാധുത .... 7

4. വകുപ്പിന്റെ ആസ്ഥാന/മേഖല/ജില്ലാ കാര്യാലയങ്ങളുടെ മേൽവിലാസം . 8

5. മുഖ്യനഗരാസൂത്രകന്റെ കാര്യാലയം .... 10

5.1 ആസ്ഥാനം .... 10

5.2 ഭരണ സംവിധാനം: .... 11

5.3 വിവിധ സെക്ഷനുകളും കൈകാര്യം ചെയ്യുന്ന വിഷയങ്ങളും .... 12

5.4 വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നവർ .... 14

5.5 പ്രവർത്തന പരിധി .... 14

6. പ്രവർത്തനങ്ങൾ .... 14

7. പ്രവർത്തന സമയം .... 15

8. പൊതുജന സമ്പർക്കം .... 15

9. പൊതുജനങ്ങളുടെ അവകാശം .... *16*

10. ഭാവി പരിപാടികൾ .... 16

10.1. റിസപ്ഷൻ കൗർ-കം-എൻക്വയറി കൗർ .... 16

10.2. Fast Track Channel .... 16

10.3. ഉദ്യോഗസ്ഥരുടേ പേരു വിവരങ്ങൾ പ്രദർശിപ്പിക്കുക .... 16

പട്ടിക 1 .... 17

## 1. നഗരഗ്രാമാസൂത്രണ വകുപ്പിനെ സംബന്ധിച്ച പൊതുവിവരണം:

1957-ൽ തിരുവനന്തപുരം ആസ്ഥാനമാക്കിയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളോടുകൂടിയും സംസ്ഥാനത്തിലെ നഗരങ്ങളുടെ ആസൂത്രിത വികസനം ലക്ഷ്യമിട്ടുകൊണ്ട് കേരള സംസ്ഥാന നഗരാസൂത്രണ വകുപ്പ് പ്രവർത്തനം ആരംഭിച്ചു. മേൽപ്രസ്താവിച്ച മൂന്ന് മേഖലാ ഓഫീസുകൾക്ക് പുറമേ സംസ്ഥാനത്ത് മറ്റ് പതിനൊന്ന് ജില്ലകളിലും ഇപ്പോൾ വകുപ്പിന് ജില്ലാതല കാര്യാലയങ്ങളുണ്ട്. ഗ്രാമങ്ങളുടെ സമഗ്ര വികസനവും നഗരങ്ങളും ഗ്രാമങ്ങളും ഉൾക്കൊള്ളുന്ന മേഖലാടിസ്ഥാനത്തിലുള്ള ആസൂത്രിത വികസനവും വകുപ്പിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 1999-ൽ വകുപ്പിനെ നഗര-ഗ്രാമസൂത്രണ വകുപ്പ് എന്ന് പുനഃനാമകരണം ചെയ്യുകയുണ്ടായി.

### *1.1 കാഴ്ചപ്പാട് (VISION)*

ആസൂത്രിതവും സന്തുലിതവും സംയോജിതവുമായ സ്ഥലപര വികസനം ഉറപ്പ് വരുത്തുന്നതുവഴി സംസ്ഥാനത്ത് ആരോഗ്യപരവും സുഖകരവും, സുന്ദരവുമായ ഒരു ജീവിത പരിതസ്ഥിതി സൃഷ്ടിച്ചെടുക്കുക എന്നതാണ് ഈ വകുപ്പിന്റെ കാഴ്ചപ്പാട്.

### *1.2 ദൗത്യം (MISSION)*

- ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ ആസൂത്രിതവും സന്തുലിതവും സംയോജിതവുമായ സ്ഥലപര വികസനം വിവിധ തലങ്ങളിലുള്ള നിയമബന്ധിതമായ സമഗ്ര വികസന രൂപരേഖകളിലൂടെ ഉറപ്പാക്കുക എന്നതാണ് ഈ വകുപ്പിന്റെ ദൗത്യം.

### *1.3 ലക്ഷ്യം (OBJECTIVES)*

1. സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ രൂപരേഖകളായ സംസ്ഥാന തല വികസനപരിപ്രേക്ഷ്യം, സമഗ്ര ജില്ലാ വികസന രൂപരേഖകൾ, മേഖലാ/ഉപമേഖലാ വികസന രൂപരേഖകൾ, പ്രാദേശിക വികസന രൂപരേഖകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ തുടങ്ങിയവ തയ്യാറാക്കുന്നതിനും വിലയിരുത്തുന്നതിനും സാങ്കേതിക ഉപദേശം നൽകുന്നതിനും പ്രധാനവകുപ്പായി പ്രവർത്തിക്കുക.
2. സംസ്ഥാനത്തിന്റെ ഭൂപ്രദേശം ഫലപ്രദമായി വിനിയോഗിക്കുന്നതിന് വേണ്ടിയുള്ള നൂതനവും ഏകീകൃതവും പ്രായോഗികവുമായ നിയമങ്ങൾ, ചട്ടങ്ങൾ നിയന്ത്രണങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവയുടെ രൂപീകരണം.
3. സംസ്ഥാനത്തിന്റെ ആസൂത്രിത വികസനത്തിനുതകുംവിധം വിവിധ അന്തർദേശീയ/കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.
4. നഗരഗ്രാമാസൂത്രണവും വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുക.
5. നഗരഗ്രാമാസൂത്രണവും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണങ്ങൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ നടപ്പിലാക്കുക.

*1.4 പ്രവർത്തനങ്ങൾ*

1. സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, ഭൗതിക വിവരങ്ങൾ സമഗ്രമായി ഉൾക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ സ്ഥലപരാസൂത്രണ സമീപനത്തോടെ വിവിധ തലങ്ങളിൽ രൂപരേഖകൾ തയ്യാറാക്കുന്നതിന് സർക്കാരിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങൾ നൽകുക.
2. ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ സാങ്കേതിക മേൽനോട്ടം വഹിക്കുക
3. മേഖലാ/ഉപമേഖലാ/പ്രാദേശിക തലങ്ങളിലുള്ള വിവിധ സ്ഥലപര വികസന രൂപരേഖകളുടെയും (General Town Planning Schemes) വിശദ നഗരാസൂത്രണ പദ്ധതികളുടെയും (Detailed Town Planning Schemes) തയ്യാറാക്കൽ/പുതുക്കൽ.
4. സർക്കാർ ഉത്തരവ് (സാ) നമ്പർ : 354/07/തസ്വഭവ തീയതി : 01-02-2007 അനുസരിച്ച് സംസ്ഥാനതല വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനോടൊപ്പം അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക.
5. ജില്ല/മേഖലാ/പ്രാദേശിക തലത്തിലുള്ള വികസന രൂപരേഖകൾ തയ്യാറാക്കുക/ പുതുക്കുക.
6. സർക്കാർ ഉത്തരവ് GO(Rt) No. 1866/06/LSGD dated 7/8/2006 പ്രകാരം കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗരവിവര സംവിധാന പദ്ധതി (NUIS) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തിരഞ്ഞെടുത്ത പട്ടണങ്ങളുടെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) തയ്യാറാക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുക.
7. 1999 - ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമം 154-ാം ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ ടെക്നിക്കൽ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കുകയും ഇതിനോട് അനുബന്ധിച്ചുള്ള ചുമതലകൾ നിർവഹിക്കുകയും ചെയ്യുക.
8. സംസ്ഥാനത്തിന് വേണ്ടിയുള്ള ഒരു ഏകീകൃത നഗരഗ്രാമാസൂത്രണ നിയമം രൂപീകരിക്കുക. മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കുകയും ടൗൺ പ്ലാനിംഗ് ആക്ടുകൾ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
9. നഗരാസൂത്രണ നിയമവുമായും കെട്ടിട നിർമ്മാണ നിയമവുമായും ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലുള്ള സാങ്കേതിക ഉപദേശങ്ങൾ സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുക.
10. മുനിസിപ്പാലിറ്റി/പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്/ഇതര നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം വികസനത്തിനോ കെട്ടിട നിർമ്മാണങ്ങൾക്കോ ആവശ്യമായ അംഗീകാരങ്ങൾ നൽകുക.

11. വകുപ്പിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നഗര ഗ്രാമാസൂത്രണത്തിലെ നൂതന സമീപനങ്ങൾ, വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം ഇവയിൽ വ്യക്തമായ അവബോധം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

12. സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾ

13. വകുപ്പിന്റെ വിവിധ ആസൂത്രണ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ, വകുപ്പുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവയുടെ ശേഖരണം, ക്രോഡീകരണം, വിശകലനം എന്നിവ.

## 2.0 ഭരണ സംവിധാനം

നഗര-ഗ്രാമാസൂത്രണ വകുപ്പ് സർക്കാരിന്റെ തദ്ദേശ സ്വയംഭരണവകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. എറണാകുളം ജില്ലയിലെ ഓഫീസ് ഒരു സീനിയർ ടൗൺ പ്ലാനറുടെ മേൽനോട്ടത്തിലും മറ്റ് 13 ജില്ലാ ഓഫീസുകൾ ടൗൺ പ്ലാനർമാരുടെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. സാങ്കേതിക, ഭരണ, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗങ്ങളിലായി 539 ജീവനക്കാരാണ് വകുപ്പിലുള്ളത്.

## 3.0 നിയമസാധുത

കേരള സംസ്ഥാന നഗര-ഗ്രാമാസൂത്രണ വകുപ്പ് താഴെ പറയുന്ന നിയമങ്ങളുടെയും അവയുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

*1. മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് 1920*

*2. ടൗൺ പ്ലാനിംഗ് ആക്ട് 1108*

*3. ടൗൺ & കൺട്രി പ്ലാനിംഗ് ആക്ട് 1120*

ഈ ആക്ടുകൾ പ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും നിർദ്ദേശങ്ങൾക്കും കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾക്കും വിധേയമായാണ് കെട്ടിട നിർമാണം, ഭൂവികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നത്.

## 5. മുഖ്യനഗരാസൂത്രകന്റെ കാര്യാലയം

നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ മുഖ്യ കാര്യാലയമാണ് ഇത്. വകുപ്പിന്റെ ജില്ലാതല കാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഈ കാര്യാലയ

## 4. വകുപ്പിന്റെ ആസ്ഥാന / മേഖലാ /ജില്ലാ കാര്യാലയങ്ങളുടെ മേൽവിലാസം ഫോൺ /ഫാക്സ്നമ്പർ/ ഇ. മെയിൽ അഡ്രസ്സ്

| | | | | |
|---|---|---|---|---|
| 1. | **മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം** | നെസ്റ്റ് (NEST).<br>എക്സ്ട്രാ പോലീസ് റോഡ്.<br>പഞ്ജാപുര ജംഗ്ഷൻ.<br>വികാസ് ഭവൻ (പി.ഒ). 695 033 | 0471/2321447<br>0471/2322024 | ctpkeralam@yahoo.com<br>ctpkeralam@gmail.com |
| 1(a). | **സ്റ്റേറ്റ് പ്രോജക്ട് സെൽ, തിരുവനന്തപുരം** | സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്<br>വഴുതയ്ക്കാട്<br>തിരുവനന്തപുരം | 0471/2726677 | dp32townplanning.com<br>spctownplanning@gmail.com |
| 2. | **മേഖലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം ജില്ല** | കൊല്ലംകോട് ബിൽഡിംഗ്,<br>ജനറൽ ഹോസ്പിറ്റൽ റോഡ്,<br>പാളയം, വഞ്ചിയൂർ (പി.ഒ),<br>തിരുവനന്തപുരം – 695035 | 0471/2301945 | tcpdtvm@gmail.com |
| 3. | **ജില്ലാ നഗരാസൂത്രണ കാര്യാലയം കൊല്ലം** | ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്,<br>മുൻസിപ്പൽ ബിൽഡിംഗ്,<br>ചിന്നക്കട, കൊല്ലം. | 0474/2742062 | tpkollam@gmail.com |
| 4. | **ജില്ലാ നഗരാസൂത്രണ കാര്യാലയം പത്തനംതിട്ട.** | മൂന്നാംനില, എ–ബ്ലോക്ക്,<br>മിനി സിവിൽ സ്റ്റേഷൻ,<br>പത്തനംതിട്ട. | 0468/2222435 | tcpdpta@gmail.com |
| 5. | **ജില്ലാ നഗരാസൂത്രണ കാര്യാലയം ആലപ്പുഴ** | ബിൽഡിംഗ് നമ്പർ:<br>AMC/27/285,<br>തിരുവമ്പാടി, പഴവീട് (പി.ഒ),<br>ആലപ്പുഴ – 680 009 | 0477/2253390 | tcpdalp@gmail.com |
| 6. | **ജില്ലാ നഗരാസൂത്രണ കാര്യാലയം കോട്ടയം** | സെന്റ് ആന്റ്ണീസ് കോംപ്ലക്സ്,<br>നാഗമ്പടം,<br>കോട്ടയം – 686 001. | 0481/2564160 | tcpdktm@gmail.com |

| | | | | |
|---|---|---|---|---|
| 7. | **ജില്ലാ നഗരാസൂത്രണ കാര്യാലയം ഇടുക്കി** | ഇടുക്കി കോളനി. പി.ഒ, ഇടുക്കി - 685 602 | 0486/2235224 | tcpdidk@gmail.com |
| 8. | **മേഖലാ നഗരാസൂത്രണ കാര്യാലയം, എറണാകുളം** | എറണാകുളം, കൊച്ചി 20 | 0484/2204291 | stpekm@gmail.com |
| 9. | **ജില്ലാ നഗരാസൂത്രണ കാര്യാലയം തൃശൂർ.** | മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, എ ബ്ലോക്ക്, പാട്ടുരായ്ക്കൽ തൃശൂർ | 0487/2334303 | townplanner_tssr@yahoo.co.in |
| 10. | **ജില്ലാ നഗരാസൂത്രണ കാര്യാലയം പാലക്കാട്** | സിവിൽ സ്റ്റേഷൻ, പാലക്കാട് | 0491/2505882 | tcpdpkd@gmail.com |
| 11. | **ജില്ലാ നഗരാസൂത്രണ കാര്യാലയം മലപ്പുറം** | സിവിൽ സ്റ്റേഷൻ, മലപ്പുറം - 676505 | 0483/2734997 | tcpdmpm@gmail.com |
| 12. | **മേഖലാ നഗരാസൂത്രണ കാര്യാലയം, കോഴിക്കോട്** | കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്, ചക്കരോത്തുകുളം, കോഴിക്കോട് - 5. | 0495/2369300 | tcpdkkd@gmail.com |
| 13. | **ജില്ലാ നഗരാസൂത്രണ കാര്യാലയം വയനാട്** | സിവിൽ സ്റ്റേഷന് എതിർവശം, കൽപ്പറ്റ നോർത്ത് വയനാട് | 0493/6203202 | tpwayanad@yahoo.com |
| 14. | **ജില്ലാ നഗരാസൂത്രണ കാര്യാലയം കണ്ണൂർ** | താണ. പി.ഒ, കണ്ണൂർ - 12. | 0497/2707472 | tpkannur@gmail.com |
| 15. | **ജില്ലാ നഗരാസൂത്രണ കാര്യാലയം കാസർകോഡ്** | സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്. | 0499/4255184. | tcpdkgd@gmail.com |

മാണ്.

***5.1 ആസ്ഥാനം***

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻ, തമ്പാനൂർ കെ.എസ്.ആർ. ടി.സി. ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്നും ഏകദേശം 2 കി.മീ. മാറി. പാളയം ക്രിസ്ത്യൻ ചർച്ചിന് പുറകിലായി എക്സ്ട്രാ പൊലീസ് റോഡിനോടു ചേർന്ന് സ്ഥിതി ചെയ്യുന്നു. സ്ഥാനീയ ഭൂപടം (Location Plan)താഴെ ചേർത്തിരിക്കുന്നു. ഇതിന്റെ ഭാഗ മായ സ്റ്റേറ്റ് പ്രോജക്ട് സെൽ വഴുതയ്ക്കാട് സ്റ്റേറ്റ് മുനിസിപ്പൽ ഹൗസിൽ പ്രവർത്തി ക്കുന്നു. ഫോൺ നമ്പർ: 0471 – 2726677

***5.2 ഭരണ സംവിധാനം:***



## സാങ്കേതിക വിഭാഗം

| | | |
|---|---|---|
| ചീഫ് ടൗൺ പ്ലാനർ | : | 1 |
| സീനിയർ ടൗൺ പ്ലാനർ | : | 5 |
| ടൗൺ പ്ലാനർ | : | 4 |
| ഡെപ്യൂട്ടി ടൗൺ പ്ലാനർ | : | 4 |
| അസിസ്റ്റന്റ് ടൗൺ പ്ലാനർ | : | 6 |
| ഡ്രാഫ്റ്റ്സ്മാൻ/സർവേയർ | : | 11 |
| ട്രേസർ | : | 4 |
| ബ്ളൂ പ്രിന്റർ | : | 1 |
| ചെയിൻമാൻ | : | 2 |

## ഭരണ വിഭാഗം

| | | |
|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : | 1 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | : | 1 |
| സീനിയർ സൂപ്രണ്ട് | : | 2 |
| ജൂനിയർ സൂപ്രണ്ട് | : | 4 |
| ഫെയർ കോപ്പി സൂപ്രണ്ട് | : | 1 |
| ഹെഡ് ക്ലർക്ക് | : | 1 |
| യു.ഡി./എൽ.ഡി. ക്ലർക്ക് | : | 22 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : | 4 |
| യു.ഡി. ടൈപ്പിസ്റ്റ്/എൽ.ഡി. ടൈപ്പിസ്റ്റ് | : | 7 |
| മലയാളം ട്രാൻസലേറ്റർ | : | 1 |
| ഡ്രൈവർ | : | 1 |
| ബൈൻഡർ | : | 1 |
| പ്യൂൺ | : | 13 |
| പാർട്ട് ടൈം സ്വീപ്പർ | : | 2 |

## സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | : | 1 |
| അസിസ്റ്റന്റ് ഡയറക്ടർ | : | 1 |
| റിസർച്ച് ഓഫീസർ | : | 1 |
| റിസർച്ച് അസിസ്റ്റന്റ് | : | 1 |
| യു.ഡി./എൽ.ഡി. കംപയിലർ | : | 4 |

**5.3 വിവിധ സർക്കിളുകളും/സെക്ഷനുകളും കൈകാര്യം ചെയ്യുന്ന വിഷയങ്ങളും**

*എ. സാങ്കേതിക വിഭാഗം*

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | പ്രധാന ചുമതലകൾ | ഔദ്യോഗിക ഫോൺ നമ്പർ |
|---|---|---|---|
| 1. | ശ്രീ. ഈപ്പൻ വർഗീസ്<br>ചീഫ് ടൗൺ പ്ലാനർ | വകുപ്പുമേധാവി | 0471-2321429<br>9447021429 (M)<br>0471-2557178 (R) |
| 2. | ശ്രീ. പി. അനിൽകുമാർ<br>സീനിയർ ടൗൺ പ്ലാനർ<br>സർക്കിൾ - I | ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളുമായി ബന്ധപ്പെട്ട ആസൂത്രണ പ്രവർത്തനങ്ങളുടെ ചുമതല | 0471-2321447<br>2322024<br>Extn: 110 |
| 3. | ശ്രീമതി. സുധ ടി.എം.<br>സീനിയർ ടൗൺ പ്ലാനർ<br>സർക്കിൾ - II | നഗര-ഗ്രാമാസൂത്രണ നിയമ രൂപീകരണവുമായി ബന്ധപ്പെട്ടവ, എറണാകുളം, ആലപ്പുഴ ജില്ലകളുമായി ബന്ധപ്പെട്ട ആസൂത്രണ പ്രവർത്തനങ്ങളുടെ ചുമതല, ഡിപ്പാർട്ട്മെന്റൽ വിജിലൻസ് | 0471-2321447<br>2322024<br>Res: 2725317<br>Extn: 210 |
| 4. | ശ്രീ. ജേക്കബ് ഈശോ<br>സീനിയർ ടൗൺ പ്ലാനർ<br>സർക്കിൾ - III | കൊല്ലം, പത്തനംതിട്ട ജില്ലകളുടെ ആസൂത്രണ പ്രവർത്തനങ്ങളുടെ ചുമതല. LDP-IDDP-SPP പദ്ധതിയുടെ നിർവഹണ ചുമതല. മുനിസിപ്പാലിറ്റികൾക്ക് വികസന രൂപരേഖകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ഏകോപനം | 0471-2726677 |
| 5. | ശ്രീമതി. ഡാർളി. ഡി.എസ്. മണി<br>സീനിയർ ടൗൺ പ്ലാനർ<br>സർക്കിൾ - IV | കോഴിക്കോട്, പാലക്കാട്, ജില്ലകളുമായി ബന്ധപ്പെട്ട ആസൂത്രണ പ്രവർത്തനങ്ങളുടെ ചുമതല. NUIS പദ്ധതിയുടെ നിർവഹണ ചുമതല, ട്രെയിനിംഗ് | 0471-2321447<br>2322024<br>Extn: 310 |
| 6. | ശ്രീമതി. ആൻ ജേക്കബ്<br>സീനിയർ ടൗൺ പ്ലാനർ<br>സർക്കിൾ - V | തിരുവനന്തപുരം, കോട്ടയം ജില്ലകളുമായി ബന്ധപ്പെട്ട ആസൂത്രണ പ്രവർത്തനങ്ങളുടെ ചുമതല. കെട്ടിട നിർമാണ ചട്ടങ്ങൾ, ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചുമതലകൾ. | 0471-2321447<br>2322745<br>Extn: 320 |

***ബി. ഭരണവിഭാഗം***

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | പ്രധാന ചുമതലകൾ | ഔദ്യോഗിക ഫോൺ നമ്പർ |
|---|---|---|---|
| 1. | **ശ്രീ. എസ്. വത്സലാദേവി**<br>**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ** | ഭരണവിഭാഗത്തിന്റെ മൊത്തത്തിലുള്ള ചുമതല | 0471–2321447 |
| 2. | **ശ്രീ. തുളസീധരൻ ഉണ്ണിത്താൻ**<br>**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്** | | |
| 3. | **ശ്രീ. പ്രകാശൻ.എൻ**<br>**സീനിയർ സൂപ്രണ്ട്**<br>**എ സെക്ഷൻ** | ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങൾ, നിയമസഭാ ചോദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, Continuance Sanction തുടങ്ങിയവ | 0471–2321447 |
| 4. | **ശ്രീ. പ്രവീൺകുമാർ**<br>**സീനിയർ സൂപ്രണ്ട്**<br>**എസ്. സെക്ഷൻ** | ബജറ്റ്, പർചെയ്സ്, ആഡിറ്റ്<br>ട്രെയിനിംഗ് മുതലായവ | 0471–2321447 |
| 5. | **ശ്രീ. എ. അസീസ്കുട്ടി**<br>**ജൂനിയർ സൂപ്രണ്ട്**<br>**ബി സെക്ഷൻ** | ബില്ലുകൾ, അക്കൗണ്ട്സ്,<br>Reconciliation | 0471–2321447 |
| 6. | **ശ്രീ. എം. ചന്ദ്രൻ**<br>**ജൂനിയർ സൂപ്രണ്ട്**<br>**സി സെക്ഷൻ** | കെട്ടിട നിർമാണം/ഭൂവികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, എറണാകുളം, മലപ്പുറം ജില്ലകളിൽ നിന്നുള്ളവ) | 0471–2321447 |
| 7. | **ശ്രീ. ടി.എസ്. ബാലചന്ദ്രൻ**<br>**ജൂനിയർ സൂപ്രണ്ട്**<br>**ഡി സെക്ഷൻ** | കെട്ടിട നിർമാണം/ഭൂവികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ (തിരുവനന്തപുരം, ഇടുക്കി, കണ്ണൂർ, കാസർകോട്, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവ) | 0471–2321447 |
| 8. | **ശ്രീ. ജഗന്നാഥ രാജ്**<br>**ജൂനിയർ സൂപ്രണ്ട്**<br>**ഇ സെക്ഷൻ** | ആക്ട് ആന്റ് റൂൾസ് കോടതി കേസുകൾ സംബന്ധിച്ച ഫയലുകൾ, ടൗൺ പ്ലാനിംഗ് സ്കീമുകൾ മുതലായവ | 0471–2321447 |
| 9. | **ശ്രീമതി. യാസ്മിൻ. വൈ**<br>**എൽ.ഡി. ക്ലാർക്ക്**<br>**എഫ് സെക്ഷൻ** | എൽ.ഡി.പി.–ഐ.ഡി.ഡി.പി., സ്കീം ഓഫ് പ്രിപ്പറേഷൻ ഓഫ് ഡവലപ്മെന്റ് പ്ലാൻസ് ഫോർ മുനിസിപാലിറ്റി, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളുമായി ബന്ധപ്പെട്ട നഗരാസൂത്രണ പദ്ധതികളുടേയും കേസുകളുടേയും ഫയലുകൾ | 0471–2726677 |

*സി. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം*

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | പ്രധാന ചുമതലകൾ | ഔദ്യോഗിക ഫോൺ നമ്പർ |
|---|---|---|---|
| 1. | ശ്രീമതി. എൽ. ശോഭനപിള്ള<br>ഡെപ്യൂട്ടി ഡയറക്ടർ | നഗരഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളുടെ വിവരശേഖരണവും വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും | 0471–2321447<br>Extn: 330 |

*5.4 വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നവർ*

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | ഔദ്യോഗിക ഫോൺ നമ്പർ |
|---|---|---|---|
| 1. | ശ്രീ. ഈപ്പൻ വർഗീസ് | ചീഫ് ടൗൺ പ്ലാനർ (അപ്പലേറ്റ് അതോറിറ്റി) | 0471–2321429 |
| 2. | ശ്രീമതി. എസ്. വത്സലാ ദേവി | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) | 0471–2321447<br>0471–2320224<br>Extn: 120 |
| 3. | ശ്രീ. എൻ. പ്രകാശൻ | സീനിയർ സൂപ്രണ്ട് (അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) | 0471–2321447<br>0471–2320224<br>Extn:130 |

## 6. പ്രവർത്തന പരിധിയും പ്രവർത്തനങ്ങളും

ഈ കാര്യാലയത്തിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചു കിടക്കുന്നു.

❖ ആസൂത്രണ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വരുന്ന വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കെട്ടിട നിർമാണം/ഭൂവികസനം മുതലായവ ആസൂത്രണ പദ്ധതിയിലെ നിർദേശങ്ങൾക്ക് അനുസൃതമായി നിയന്ത്രിക്കുന്നു. ഇതിനായി ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന ചെയ്ത് പ്രസ്തുത അപേക്ഷകളിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നു.

❖ നഗരാസൂത്രണ പദ്ധതികളിലോ, കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ, മറ്റ് നിയമങ്ങൾ/ചട്ടങ്ങളിലോ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുള്ളതായ കെട്ടിട നിർമ്മാണ/ഭൂവികസനങ്ങൾക്ക് ഈ വകുപ്പിൽ നിന്നും ലേ ഔട്ട് അപ്രൂവൽ/ലൊക്കേഷൻ അപ്രൂവൽ/കൺകറൻസ് ആവശ്യമാണ്.

❖ ഗവൺമെന്റിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ചില പ്രത്യേക വികസന പ്രവർത്തനത്തിൽ നിർദേശങ്ങൾ നൽകുക, ഇതുമായി ബന്ധപ്പെട്ട പരാതികൾ/പ്രശ്നങ്ങൾക്ക് യുക്തമായ പരിഹാരം ഗവൺമെന്റിനെ തക്ക സമയത്ത് അറിയിക്കുക എന്നിവയും ഇതിന്റെ ഭാഗമായി ചെയ്യുന്നു.

❖ സാധാരണയായി ഈ സ്ഥാപനത്തിന്റെ കീഴിലുള്ള ഒരു ജില്ലാ ഓഫീ

സിലോ മുഖ്യ ഓഫീസിലോ പൊതുജനങ്ങളിൽ നിന്ന് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന അപേക്ഷകളിന്മേൽ കെട്ടിടനിർമാണ ചട്ടങ്ങൾ/നഗരാസൂത്രണ നിയമങ്ങൾ പ്രകാരമുള്ള നടപടികൾക്കായോ, സർക്കാരിൽ സമർപ്പിക്കുന്ന ഹർജികൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിലേയ്ക്കായോ ലഭിക്കുന്ന അപേക്ഷകളാണ് ഈ കാര്യാലയത്തിൽ പരിശോധിക്കുന്നത്.

## 7. പ്രവർത്തന സമയം

രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയാണ് ഈ കാര്യാലയത്തിന്റെ പ്രവർത്തന സമയം.

## 8. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ

പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നും നൽകുന്ന സേവനങ്ങളും അതിന്റെ കാലയളവും പട്ടിക 1 (പേജ് - 17) ൽ വിവരിക്കുന്നു.

### *8.1 പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

1. സർക്കാരിൽ നിന്ന് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ള ഹർജിയുമായോ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ള ഒരു അപേക്ഷയുമായോ ബന്ധപ്പെട്ട വിവരങ്ങൾ അറിയുവാനായി വരുന്ന അപേക്ഷകൻ ആദ്യമായി അന്വേഷണ കൗണ്ടറുമായി ബന്ധപ്പെടേണ്ടതാണ്.
2. അന്വേഷണ കൗണ്ടറിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള നിശ്ചിത ഫോറം പൂരിപ്പിച്ചു നൽകുന്നതിനോ തിരിച്ചറിയാനുള്ള രേഖകൾ ഹാജരാക്കുന്നതിനോ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്.
3. തന്റെ അപേക്ഷ ക്രമം തെറ്റിച്ച് പരിശോധിക്കുന്നതിനോ/അനർഹമായ മുൻഗണന ലഭിക്കുന്നതിനോ യാതൊരുവിധ സ്വാധീനവും ചെലുത്താൻ പാടുള്ളതല്ല.
4. അപൂർണമായ അപേക്ഷകളിൽ അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകൻ സഹകരിക്കേണ്ടതാണ്.
5. അപേക്ഷയുടെ സ്വഭാവമനുസരിച്ച് പട്ടിക 1 ൽ പറഞ്ഞിരിക്കുന്ന സമയപരിധി ആവശ്യമായതിനാൽ, അപേക്ഷകർ സഹകരിക്കേണ്ടതാണ്.

***<u>കുറിപ്പ്:</u>***

- ഓഫീസ് പ്രവർത്തന സമയത്ത് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ അറിയാൻ അന്വേഷണ വിഭാഗവുമായി നേരിട്ടോ ഫോൺ (0471 - 2321447) മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

6. മുഖ്യ നഗരാസൂത്രകനെ കാണുവാനായി മുൻകൂർ സമയം നിശ്ചയിക്കാവുന്നതാണ്. അന്വേഷണവിഭാഗം വഴി മുഖ്യ നഗരാസൂത്രകന്റെ സി.എ-യെ ബന്ധപ്പെട്ട് ഈ സൗകര്യം ലഭ്യമാക്കാവുന്നതാണ്.
7. ക്രമക്കേടുകളോ, ഒഴിവാക്കപ്പെടലുകളോ ബോധ്യപ്പെട്ടാൽ മുഖ്യനഗരാസൂത്രകന് രേഖാമൂലം പരാതി സമർപ്പിക്കാവുന്നതാണ്.

8. ആവശ്യമായ വിവരങ്ങൾ അന്വേഷണ വിഭാഗത്തിൽ നിന്നും ലഭിക്കുന്നില്ല എങ്കിൽ കൂടുതൽ വിവരത്തിനായി ബന്ധപ്പെട്ട സർക്കിൾ/സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ സമീപിക്കാവുന്നതാണ്.

9. നിർദേശങ്ങളും പരാതികളും എഴുതി പരാതി പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്.

## 9. ഭാവി പരിപാടികൾ

### *9.1. റിസപ്ഷൻ കൗണ്ടർ-കം-എൻക്വയറി കൗണ്ടർ*

ഇപ്പോൾ പ്രവർത്തിച്ചുവരുന്ന എൻക്വയറി സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി സീനിയർ ടൗൺ പ്ലാനർ സർക്കിൾ I ന്റെ മേൽനോട്ടത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ചുമതലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഈ കൗണ്ടറിൽ ബന്ധപ്പെടുന്ന അപേക്ഷകർക്ക് അവരുടെ അപേക്ഷയിന്മേലുള്ള തത്സമയ സ്ഥിതി വിവരങ്ങൾ ലഭിക്കുന്നതാണ്. ഫോൺ മുഖേനയും മേൽപറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തുന്നതാണ്. ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ 0471 – 2321447 ആണ്.

### *9.2. ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ പ്രദർശിപ്പിക്കുക*

അതാതു സീറ്റുകളിൽ ഇരിക്കുന്നതായ ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക സ്ഥാനവും കാണിക്കുന്ന നെയിംപ്ലേറ്റുകൾ പ്രദർശിപ്പിക്കുന്നതാണ്.

**പട്ടിക-1**

## മുഖ്യനഗരാസൂത്രകന്റെ കാര്യാലയം

## പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരം

**(as on August 2011- മാറ്റങ്ങൾ വരുന്ന മുറയ്ക്ക് വ്യത്യാസം വരുന്നതാണ്.)**

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം |
|---|---|
| **I.** | **നഗരസഭ/പഞ്ചായത്തുവഴി നൽകുന്ന അംഗീകാരങ്ങൾ / സാങ്കേതിക ഉപദേശങ്ങൾ** |
| 1 | വാസഗൃഹ (Residential) ആവശ്യ ത്തിനായി 2 ഹെക്ടറിൽ കൂടുതലുള്ള ഭൂമി 20 ലേറെ പ്ലോട്ടുകളായി വിഭജിക്കുന്നതിനുള്ള ലേ ഔട്ട് അംഗീകാരം |
| 2 | പുതിയ വാണിജ്യതെരുവുകളുടെ ലേ-ഔട്ടിനും, അഞ്ചിലേറെ പ്ലോട്ടുകളായി വാണിജ്യ ആവശ്യത്തിന് (Mercantile/ commercial) ഭൂമി വിഭജനം ചെയ്യുന്നതിനുമുള്ള അംഗീകാരം |
| 3(a) | വ്യവസായ തെരുവുകളുടെ ലേ-ഔട്ടിനും, അഞ്ചിലേറെ പ്ലോട്ടുകളായി വ്യവസായ വികസന ആവശ്യത്തിന് (Industrial) ഭൂമി വിഭജനം ചെയ്യുന്നതിനുമുള്ള അംഗീകാരവും. |
| (b) | നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ/ വ്യവസായാവശ്യത്തിന് ഭൂമി വിഭജനം നടത്തി പ്ലോട്ടു വികസിപ്പിക്കുന്നതിനുള്ള ഭൂവിനിയോഗ അംഗീകാരം (usage of plot) |
| 4 | **യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും ലേ ഔട്ട് അംഗീകാരവും (KMBR, KPBR പ്രകാരം ആവശ്യമായവ)** |
| (a) | (100 താമസസ്ഥല യൂണിറ്റുകളിൽ കൂടുതലായി വരുന്ന ഗ്രൂപ്പ് $A_1$ റസിഡൻഷ്യൽ ഓക്യുപൻസി ഗണത്തിൽ ഉൾപ്പെടുന്ന അപ്പാർട്ട്മെന്റ് ഹൗസുകൾ/ ഫ്ളാറ്റുകൾക്ക് ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (b) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 6000 $m^2$ കവിയുന്ന ഗ്രൂപ്പ് $A_2$ |

| | |
|---|---|
| | സ്പെഷ്യൽ റെസിഡൻഷ്യൽ/ലോഡ്ജിംഗ് ഹൗസസ് ഓക്യുപൻസി ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (c) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 2000 $m^2$ കവിയുന്ന ഗ്രൂപ്പ് B Educational ഓക്യുപൻസി ഗണത്തിൽപെടുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മൊത്ത തറ വിസ്തീർണ്ണം (Total floor area) 2000 $m^2$ കവിയുന്ന ഗ്രൂപ്പ് C മെഡിക്കൽ/ഹോസ്പിറ്റൽ ഓക്യുപൻസി ഗണത്തിൽ പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (d) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 6000 $m^2$ കവിയുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള ഗ്രൂപ്പ് B Educational ഓക്യുപൻസി ഗണത്തിലെ കെട്ടിടങ്ങൾക്കും മൊത്ത തറ വിസ്തീർണ്ണം (Total floor area) 6000 $m^2$ കവിയുന്ന ഗ്രൂപ്പ് E ഓഫീസ്/ബിസിനസ് ഓക്യുപൻസി ഗണത്തിലെ കെട്ടിടങ്ങൾക്കും ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (e) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 1000 $m^2$ കവിയുന്ന ഗ്രൂപ്പ് D അസംബ്ലി ഓക്യുപൻസി ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (f) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 6000 $m^2$ കവിയുന്ന ഗ്രൂപ്പ് F (mercantile/commercial ഓക്യുപൻസി ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (g) | മൊത്ത തറ വിസ്തീർണ്ണം (Total floor area) 6000 $m^2$ കവിയുന്ന ഗ്രൂപ്പ് H സ്റ്റോറേജ് ഓക്യുപൻസി ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ലേ-ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |

| | |
|---|---|
| (h) | വിസ്തീർണ്ണം 1000 $m^2$ കവിയുന്ന ഗ്രൂപ്പ് I(1) Hazardous occupancy ഗണത്തിൽ വരുന്ന ലൈവ്സ്റ്റോക്ക്/പൗൾട്രി ഫാമുകൾക്ക് ലേ ഔട്ട് അംഗീകാരവും യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും. |
| (i) | മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഗ്രൂപ്പ് $G_1$ Industrial ഓക്യുപൻസി ഗണത്തിലോ, ഗ്രൂപ്പ് $G_2$ സ്മാൾ ഇൻഡസ്ട്രിയൽ ഓക്യുപൻസി ഗണത്തിലോ, ഗ്രൂപ്പ് I(1) & I(2) Hazardous ഓക്യുപൻസി (ലൈവ് സ്റ്റോക്ക്/പൗൾട്രി ഫാമുകൾ ഒഴികെ) ഗണത്തിലോ പെടുന്ന 0.5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള പ്ലോട്ടുകളുടെ യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും 500 $m^2$ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ലേ-ഔട്ട് അംഗീകാരവും. |
| (j) | പഞ്ചായത്തു പ്രദേശങ്ങളിൽ ഗ്രൂപ്പ് $G_1$ Industrial ഓക്യുപൻസി ഗണത്തിലോ ഗ്രൂപ്പ് $G_2$ സ്മാൾ ഇൻഡസ്ട്രിയൽ ഓക്യുപൻസി ഗണത്തിലോ ഗ്രൂപ്പ് I(1)&I(2) Hazardous ഓക്യുപൻസി (ലൈവ് സ്റ്റോക്ക്/പൗൾട്രി ഫാമുകൾ ഒഴികെ) ഗണത്തിലോ പെടുന്ന ഒരു ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള പ്ലോട്ടുകളുടെ യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരവും 1000 $m^2$ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ലേ ഔട്ട് അംഗീകാരവും. |
| (k) | നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ഗ്രൂപ്പ് $G_1$ Industrial, ഗ്രൂപ്പ് $G_2$ സ്മാൾ ഇൻഡസ്ട്രിയൽ, ഗ്രൂപ്പ് I(1) & I(2) Hazardous ഓക്യുപൻസി ഗണങ്ങളിൽ പെടുന്ന ഭൂമിയുടേയും കെട്ടിടങ്ങളുടേയും ഉപയോഗത്തിനുള്ള അനുമതി. |
| (l) | ഓട്ടോമൊബൈൽ ഫ്യുവൽ/പെട്രോൾ ഫില്ലിംഗ് സ്റ്റേഷനുകളുടെ സ്ഥാനനിർണ്ണയത്തിലും ലേ-ഔട്ടിലും തീരുമാനം കൈകൊള്ളുന്നതിനുള്ള അഭിപ്രായം. |
| (m) | മുനിസിപ്പൽ ബസ്സ്റ്റാന്റ്, അന്തർ-സംസ്ഥാന ബസ് ടെർമിനലുകൾ തുടങ്ങിയ ട്രാഫിക് സ്റ്റേഷനുകളുടെ സ്ഥാനനിർണ്ണയത്തിനുള്ള അഭിപ്രായം. |

| | |
|---|---|
| 6 | 2010-ലെ കേരള കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സാങ്കേതിക അഭിപ്രായം സർക്കാരിനെ അറിയിക്കൽ |
| 7 | പൈതൃക പ്രാധാന്യമുള്ള കെട്ടിടങ്ങൾക്കും പ്രദേശങ്ങൾക്കും വാസ്തു-ശിൽപ-രൂപ- ഭംഗി നിശ്ചയിക്കുന്നതിന് ആർട്ട്/ ഹെറിറ്റേജ് കമ്മീഷന്റെ ഉപദേശം നൽകുന്നത്. |
| 8 | 1957-ലെ ഫാക്ടറീസ് റൂൾസിന്റെ നിബന്ധനകൾ അനുസരിച്ച് നഗരപ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും മുഖ്യ നഗരാസൂത്രകന്റെ അംഗീ കാരം ആവശ്യമുള്ളവ. |
| 9 | **വിശദ നഗരാസൂത്രണ പദ്ധതികൾ - ആദ്യവിജ്ഞാപനം പുറപ്പെടുവിച്ചവ**<br><br>വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണത്തിനായി നഗരസഭ / പഞ്ചായത്ത് ആദ്യവിജ്ഞാപനം പുറപ്പെടുവിപ്പിച്ചു കഴിഞ്ഞാൽ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചീഫ് ടൗൺ പ്ളാനറുടെ കൺകറൻസ് നഗരസഭ/പഞ്ചായത്തുവഴി വാങ്ങുന്നതിന്. |
| 10 | **പ്രസിദ്ധീകരിച്ച നഗരാസൂത്രണ പദ്ധതികൾ**<br><br>പ്രസിദ്ധീകരിച്ച പദ്ധതികളിൽപ്പെടുന്ന വിവിധ ഭൂവിനിയോഗ മേഖലകളിൽ സ്കീം റൂളിൽ പ്രത്യേകം വിവക്ഷിക്കുന്ന ഭൂവിനിയോഗങ്ങൾക്ക് ചീഫ് ടൗൺ പ്ളാനറുടെ കൺകറൻസ് നഗരസഭ / പഞ്ചായത്തുവഴി വാങ്ങുന്നതിന്. |
| 11 | **പ്രസിദ്ധീകരിച്ച നഗരാസൂത്രണ പദ്ധതികൾ**<br>പ്രസിദ്ധീകരിച്ച പദ്ധതികളിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായവ ഒഴികെയുള്ള ഭൂവിനിയോഗങ്ങൾക്ക് ചീഫ് ടൗൺ പ്ളാനറുടെ സാങ്കേതിക ഉപദേശം ആരായുന്നതിന്. |

| | |
|---|---|
| 12 | **സർക്കാർ അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ**<br><br>അംഗീകരിച്ച പദ്ധതികളിൽപ്പെടുന്ന വിവിധ ഭൂവിനിയോഗ മേഖലകളിൽ സ്കീം റൂളിൽ പ്രത്യേകം വിവക്ഷിക്കുന്ന ഭൂവിനിയോഗങ്ങൾക്ക് ചീഫ് ടൗൺ പ്ളാനറുടെ കൺകറൻസ് നഗരസഭ/പഞ്ചായത്തുവഴി വാങ്ങുന്നതിന്. |
| **അന്വേഷണങ്ങൾ** | |
| 13 | മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള ഒരു കെട്ടിട നിർമ്മാണ ഭൂവികസന അപേക്ഷയിന്മേലുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് ഓഫീസ് പ്രവർത്തന സമയത്ത് അറിയുന്നതിന്. |

കുറിപ്പ്: 1. നഗരസഭ/ഗ്രാമ പഞ്ചായത്ത് / ജില്ല ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ നിന്നും വ്യക്തമായ ശുപാർശയോടു കൂടി വരുന്ന അപേക്ഷകൾ ലഭിച്ച ശേഷം സേവനം ലഭ്യമാക്കുന്നതിനുള്ള സാധാരണ സമയപരിധി 30 പ്രവർത്തി ദിവസമാണ്.

2. സൈറ്റ് ഇൻസ്പെക്ഷൻ ആവശ്യമായ ചില സന്ദർഭങ്ങളിൽ 15 ദിവസം അധികമായി എടുത്തേക്കാം